കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ എഞ്ചിനീയറിംഗ് കോളേജ്

135 (502) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചത് എന്നാണെന്നും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചുവെന്നും പ്രസ്തുത തുക വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

25-4-2012-ൽ കൂടിയ കേപ്പിന്റെ 125-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗമാണ് കേപ്പിന്റെ ആഭിമുഖ്യത്തിൽ മുട്ടത്തറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിന് തീരുമാനിച്ചത്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 3.50 കോടി രൂപ സർക്കാരിൽനിന്നും ധനസഹായമായി നൽകിയിരുന്നു.

ഇതിനകം കോളേജിന്റെ നിർമ്മാണത്തിന് 7,09,89,761 രൂപ ചെലവായിട്ടുണ്ട്. സർക്കാർ ധനസഹായവും കേപ്പിന്റെ ഫണ്ടും ഉപയോഗിച്ചുകൊണ്ട് കെട്ടിട നിർമ്മാണം തീർക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

136(503) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, ഇനിയും അംഗങ്ങളായിട്ടില്ലാത്ത സംഘങ്ങൾ എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധിയിൽ നിലവിൽ എന്ത് തുകയുണ്ട് ;

(സി) ക്ഷേമനിധിയിൽ നിന്ന് ഇതിനകം മൊത്തം എത്ര തുക ബാധ്യത ഒഴിവാക്കുന്നതിലേക്ക് ചെലവഴിക്കുകയുണ്ടായി ;

(ഡി) ക്ഷേമനിധി ബോർഡ് ആരംഭിച്ച വർഷം മുതൽ ഇതുവരെയുള്ള പ്രവർത്തന ചെലവ് വർഷം തിരിച്ച് വിശദമാക്കാമോ ;

(ഇ) എവിടെയെല്ലാം ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നു ; അവയ്ക്കായി സ്വകാര്യ കെട്ടിടങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ വാടക, മെയിന്റനൻസ്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവയ്ക്ക് ചെലവായ തുക എത്ര;

(എഫ്) നിലവിൽ ബോർഡിൽ എത്ര സ്റ്റാഫ് അംഗങ്ങളുണ്ട് ; താത്കാലിക ജീവനക്കാർ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly